(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭരണസംവിധാനം അഴിച്ചു പണി

1 (2930) ശ്രീ. പാലോട് രവി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. എ.കെ. മണി :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഭരണസംവിധാനം അഴിച്ചു പണിയുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് പറയാമോ;

(സി) സെൻകമ്മിറ്റി റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ട്;

(ഡി) ഇനി ഏതെല്ലാം ശുപാർശകൾ ആണ് നടപ്പാക്കാനുള്ളത്?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തിന്റെ ഭരണസംവിധാനം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഭരണപരിഷ്കാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി, ഇതിനോടകം മൂന്ന് റിപ്പോർട്ടുകൾ സർക്കാരിന് നൽകുകയുണ്ടായി. അവ സർക്കാരിന്റെ പരിഗണനയിലാണ്.

(സി)&(ഡി) സെൻ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല. രണ്ട് ഇടക്കാല റിപ്പോർട്ടുകളും അന്തിമ റിപ്പോർട്ടിന്റെ എ.ബി.സി. ഭാഗങ്ങളും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇവ മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് ശുപാർശകൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന പ്ലാനിംഗ് ബോർഡ്

2 (2931) ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി രാധാ രാഘവൻ :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പർമാർ ആരൊക്കെയാണ്;

(ബി) ഇവർക്ക് ഓരോരുത്തർക്കും ഔദ്യോഗിക വാഹനം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly